17 – 09 - 2015

## ബഹു. ഡൺസ്റ്റനച്ചൻ്റെ മധ്യസ്ഥ്യ പ്രാർത്ഥനയും ലഭിച്ച അനുഗ്രഹങ്ങളും

ബഹു. ഡൺസ്റ്റനച്ചൻ്റെ മധ്യസ്ഥ്യ പ്രാർത്ഥന വഴി 3 നിയോഗങ്ങൾ നടന്നു കിട്ടിയിട്ടുണ്ട്. ബഹു. ജോൺ തട്ടിലച്ചൻ (പ്രിയോർ), ബഹു. പോൾ അമീക്കുസ് പള്ളിപ്പാടനച്ചൻ, ബഹു. ജോസഫ് പനക്കലച്ചൻ, ഡീക്കൻ ബ്രദർ ഷൈജോ പാറമേൽ പിന്നെ ഞാനും 2014ൽ ഭാരത മാത ആശ്രമത്തിൽ പുതിയ സമൂഹ അംഗങ്ങളായി താമസിച്ചു വരവേ നമ്മുടെ വിദ്യഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ലഭിക്കേണ്ടിയിരുന്ന 3 ഗവൺമെൻ്റ് അംഗീകാരങ്ങൾ എത്രയും വേഗം ലഭിക്കേണ്ടതിനായി ബഹു. ഡൺസ്റ്റനച്ചൻറ മധ്യസ്ഥ്യത്താൽ പ്രാർത്ഥിക്കാമെന്ന് സമൂഹത്തിൽ ഞാൻ അഭിപ്രായപ്പെടുകയും ആയത് സമൂഹാംഗങ്ങൾ വളരെ താല്പര്യത്തോടെ അംഗീകരിക്കുകയും ചെയ്തു. അതിനായി ഞാൻ എഴുതിയുണ്ടാക്കിയ പ്രാർത്ഥന:

*ഞങ്ങളെ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന കാരുണ്യവാനായ ദൈവമേ അങ്ങയെ ഞങ്ങൾ ആരാധിക്കുകയും സ്തുതിക്കുകയും അങ്ങയുടെ അനന്ത പരിപാലനയെ പ്രതി അങ്ങയോട് ഞങ്ങൾ നന്ദി പറയുകയും ചെയ്യുന്നു. സഭയിലെ വിശുദ്ധാത്മക്കൾ വഴി അപേക്ഷിക്കുന്നവർക്കെല്ലാം അവരുടെ ഉദ്യഷ്ട കാര്യങ്ങൾ സാധിച്ച് കൊടുക്കുന്ന നല്ല ഈശോയെ ഞങ്ങളുടെ പ്രവശ്യാംഗവും അങ്ങയുടെ ദാസനുമായ ബഹു. ഡൺസ്റ്റനച്ചനെന്ന വലിയ ദാനത്തിന് ഞങ്ങൾ നന്ദി പറയുന്നു. എളിമയുടെയു ദാരിദ്ര്യത്തിൻ്റേയും അനുസരണത്തിൻ്റെയും ഉദാത്ത മാതൃക നല്കുകയും ദൈവപരിപാലനയിൽ അടിയുറച്ച് വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്ത് പുണ്യജീവിതം കാഴ്ചവെച്ച അങ്ങേ ദാസനായ ഡൺസ്റ്റനച്ചൻ്റെ മധ്യസ്ഥ്യം വഴി ഞങ്ങൾ അപേക്ഷിക്കുന്ന അനുഗ്രഹങ്ങൾ, പ്രത്യേകിച്ച് ഒരു പുതിയ കോളേജ് എന്ന സ്വപ്നം സാക്ഷാൽകരിക്കുന്നതിനും പ്രൈമറി സ്കൂളിനും CBSE സ്കൂളിനും ആവശ്യമായ അംഗീകാരം ലഭിക്കുന്നതിനും ആവശ്യമായ അനുഗ്രഹങ്ങൾ സാധിച്ച് തരണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു. ഞങ്ങളുടെ അമ്മയായ പരി. കന്യകാമറിയമേ, സഭയുടെ മധ്യസ്ഥനായ വി. ഔസേപ്പിതാവേ, സഭാ സ്ഥാപകനായ വി.ചാവറയച്ചാ ഞങ്ങൾക്കു വേണ്ടി മാധ്യസ്ഥം വഹിച്ച് പ്രാർത്ഥിക്കണമെ, ആമേൻ.*

ഈ 3 നിയോഗങ്ങളും ഒരു വർഷത്തിനുള്ളിൽ സാധിച്ചു കിട്ടി(Prayer started on 20th November 2014).

Fr. Babu Thattil Cmi

Fr. Babu Thattil CMI,
Bharathamatha Ashram,
Chandranagar, Palakkad 678 007